## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 760      29.10.2019 -ൽ മറുപടിയ്ക്ക്

**ചാത്തന്നൂർ മണ്ഡലത്തിൽ വിനോദ സഞ്ചാരവകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

| | ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ)<br>&<br>ബി) | 1) ആദിച്ചനല്ലൂർ ചിറയുടെ വികസനം ബാലൻസ് വർക്ക്-8.90 ലക്ഷം - പദ്ധതി പൂർത്തീകരിച്ചു.<br>2) പരവൂർ പൊഴിക്കര ബീച്ചിന്റെ വികസനം-200 ലക്ഷം രൂപ - പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പുരോഗമിച്ചു വരികയുമാണ്. നിലവിൽ ബോട്ട് ലാന്റിംഗിനുള്ള സൗകര്യങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പയിൽ കാസ്റ്റിംഗ് ചെയ്തിട്ടുണ്ട്. ബാക്കി അനുബന്ധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പദ്ധതി ഘടകങ്ങൾ -<br>a) വാക്ക് വേ, ഗ്യാലറിയുടെ നിർമ്മാണം, സിറ്റിംഗ് ഏരിയ<br>b) പടിപ്പുരയുടെ നിർമ്മാണം<br>c) ബോട്ട് ലാന്റിംഗിനുള്ള സൗകര്യങ്ങൾ<br>d) ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റേയും സൺ സെറ്റ് വ്യൂ പോയിന്റിന്റേയും നിർമ്മാണം.<br>e) ടോയ്ലറ്റ് ബ്ലോക്കിന്റെ നിർമ്മാണം. |
| ബി) | പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതെല്ലാമെന്നും പൂർത്തിയാകാത്തവയുണ്ടെങ്കിൽ അവയുടെ നിലവിലെ അവസ്ഥയെന്തെന്നും വിശദമാക്കാമോ; | | |
| സി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ടൂറിസം സാധ്യതകൾ ഉള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | സി) | നിലവിൽ പുതിയ പദ്ധതികൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ